# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 10, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും

കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

### വൈദ്യുത പദ്ധതികൾ

*31 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ.ടി. ജലീൽ
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വൈദ്യുതപദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിൽനിന്ന് എത്ര വൈദ്യുതി ഉല്പാദിപ്പിച്ചു;

(ബി) നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം; ഇവ ഓരോന്നും എപ്പോൾ പൂർത്തീകരിക്കും; ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം രൂപം നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) സ്വയംപര്യാപ്തത കൈവരിക്കാൻ എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്; അതിന് എന്തു തുക ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക ഉത്തരവാദിത്ത നിയമം</u>

*32 ശ്രീ. റ്റി. വി. രാജേഷ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രമാനുഗതമായി റവന്യൂ കമ്മി ഇല്ലാതാക്കിയും കടം നിയന്ത്രിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമ്പത്തിക ഉത്തരവാദിത്ത നിയമം, ലക്ഷ്യം നേടിയോ;

(ബി) അധിക വരുമാന - ആസ്തികൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞ ഒരു വർഷം എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്നും ഇതുമൂലം എന്ത് അധിക വരുമാനം ലഭ്യമാക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്കു വര്‍ദ്ധനവ്</u>

*33 ശ്രീ. എസ്. ശര്‍മ്മ
,, എളമരം കരീം
,, എ. കെ. ബാലന്‍
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി നിരക്കുകള്‍ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് എന്തെങ്കിലും ശുപാര്‍ശ നല്‍കിയിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് വൈദ്യുതി ബോര്‍ഡിന്റെ വാര്‍ഷിക റവന്യൂ ചെലവും വരവും തമ്മിലുള്ള അന്തരം എത്രയാണ്;

(സി) ഇതില്‍ എന്ത് തുകയ്ക്കുള്ള നിരക്കുവര്‍ദ്ധനവാണ് നിര്‍ദ്ദേശിച്ചിട്ടുള്ളത്; ഇത് വിവിധ വിഭാഗം ഉപഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

<u>സന്നദ്ധസംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഭവനനിര്‍മ്മാണ പദ്ധതി</u>

*34 ശ്രീ. ജോസ് തെറ്റയില്‍
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സന്നദ്ധസംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഭവനനിര്‍മ്മാണ പദ്ധതിയില്‍ പങ്കാളികളാവുന്നതിന് എത്ര സംഘടനകളാണ് അപേക്ഷ നല്കിയിരുന്നത് ;

(ബി) അതു സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര പേര്‍ക്ക് ധനസഹായം നല്‍കിയിട്ടുണ്ട് ; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ടെക്നോളജി ഇന്നോവേഷൻ സോൺ</u>

*35 ശ്രീ. സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നോവേഷൻ സോണിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി കെ.എസ്.ഐ.ഡി.സി നൽകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

*36 ശ്രീ. ജി. എസ്. ജയലാൽ
,, സി. ദിവാകരൻ
,, കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിഹിതത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഈ വർഷം സംസ്ഥാന വിഹിതം അനുവദിക്കാത്തതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഇതുവരെ ലഭിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കൈത്തറി മേഖലയുടെ പുനരുദ്ധാരണം</u>

*37 ശ്രീ. സി. കൃഷ്ണൻ
,, എം. എ. ബേബി
,, കെ. രാധാകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനുള്ള കമ്മിറ്റി **2010**-ൽ സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങൾക്ക് പി.എഫ്, ഇ.എസ്.ഐ കുടിശ്ശിക വരുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ ധനസഹായം നൽകണമെന്ന ആവശ്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) കൈത്തറിക്ക് പ്രാദേശിക വിപണനം സാധിക്കുന്നതിന് സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ടുദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്ന ഉത്തരവ് പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വിദേശസഹായ പ്രോജക്ടുകള്‍</u>

*38 ശ്രീ. രാജു എബ്രഹാം
,, കോടിയേരി ബാലകൃഷ്ണന്‍
,, എളമരം കരീം
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദേശസഹായ പ്രോജക്ടുകള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കാതെ വരുമ്പോഴുണ്ടാകുന്ന ഭീമമായ നഷ്ടത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇപ്പോള്‍ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികള്‍ ഏതെന്നും ഇവ എപ്പോള്‍ പൂര്‍ത്തീകരിക്കുന്നതിന് നിശ്ചയിച്ചിരുന്നതാണെന്നും വ്യക്തമാക്കുമോ ;

(സി) വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പില്‍ അനാവശ്യ ചെലവുകള്‍ ഉണ്ടാകുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) വിദേശസഹായ പ്രോജക്ടുകള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കുന്നതിനും അനാവശ്യ ചെലവുകള്‍ ഒഴിവാക്കുന്നതിനും എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ

*39 ശ്രീ. വർക്കല കഹാർ
,, ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) കർഷക സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം</u>

*40 ശ്രീ. എളമരം കരീം
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി.കെ. സദാശിവൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് കരകയറ്റുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഫലമായി ഏതൊക്കെ വ്യവസായങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

ഓപ്റ്റിക്കൽ ഫൈബർ കേബിൾ

*41 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. എസ്. സുനിൽ കുമാർ
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് ഏതെല്ലാം കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിൽ ഇത്തരം കേബിളുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേബിളുകൾ ഇടുന്ന സ്ഥലങ്ങളിലെ സർക്കാർ ആഫീസുകൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകണമെന്ന് വ്യവസ്ഥയുണ്ടോ; ഇത്തരം വ്യവസ്ഥകൾ പൊതുമേഖലയിലെ ബി.എസ്.എൻ.എൽ–ന്റെ ആധിപത്യം ഇല്ലാതാക്കുമെന്ന വസ്തുത പരിഗണിച്ച് വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

കാരുണ്യ ബനവലന്റ് പദ്ധതി

*42 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ‘കാരുണ്യ’ ബനവലന്റ് പദ്ധതി വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; എങ്കില്‍ എങ്ങനെ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാതൃകയില്‍ കൂടുതല്‍ പദ്ധതികള്‍ ആരംഭിക്കുവാന്‍ നടപടികള്‍ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

<u>അറ്റകുറ്റപ്പണികൾക്കിടയിലുണ്ടാകുന്ന അപകടമരണങ്ങൾ</u>

*43 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കിടയിലും പോസ്റ്റുകളിലൂടെ വലിച്ചിട്ടുള്ള കേബിളുകളിൽനിന്നും വൈദ്യുതാഘാതമേറ്റുണ്ടാകുന്ന അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയുന്നതിനുള്ള പരിശോധനാ സംവിധാനമെന്താണെന്നും വ്യക്തമാക്കുമോ;

(സി) ലൈനുകളിലെ പണികൾ പൂർണ്ണമായി കോൺട്രാക്ട് നൽകുന്നതും വർക്ക് സൈറ്റുകളിൽ ബോർഡ് ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യവും അപകടങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യതകൾ</u>

*44 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ.കെ. ജയചന്ദ്രൻ
,, കെ.കെ. നാരായണൻ
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ കടബാദ്ധ്യതകളും അത് നിറവേറ്റാനുള്ള ശ്രമങ്ങളും സംബന്ധിച്ച് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി ക്ക് ഉണ്ടായിരുന്ന കടബാദ്ധ്യത എത്രയായിരുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി യുടെ ആകെ കടബാദ്ധ്യത എത്രയായിരുന്നു; നിലവിലുള്ള കടബാദ്ധ്യതകൾ എന്തെല്ലാമാണ്;

(ഡി) വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് പ്രസ്തുത കടബാദ്ധ്യതകൾ പുന:ക്രമീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

റെയിൽവേ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി

*45 ശ്രീ. വി. ശിവൻകുട്ടി
,, പി.കെ. ഗുരുദാസൻ
,, ബി. സത്യൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാന വികസനം ലക്ഷ്യമിട്ട് മുൻ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; പ്രഖ്യാപിത പദ്ധതികൾ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ബി) റെയിൽവേ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഏക ആശ്രയമായ തിരുവനന്തപുരം പേട്ട റെയിൽവേ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തുമെന്ന പ്രഖ്യാപനം നടത്തിയത് എപ്പോഴാണ് ; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ;

(സി) ബാലരാമപുരം – വിഴിഞ്ഞം തുറമുഖപാതയ്ക്ക് സർവ്വേ നടത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

<u>അതിരപ്പിള്ളി ജലവൈദ്യുതനിലയം</u>

*46 ശ്രീ. എം.എ. ബേബി
,, പി. ശ്രീരാമകൃഷ്ണന്‍
,, ബി.ഡി. ദേവസ്സി
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുതനിലയത്തിന്റെ പരിസ്ഥിതി അനുമതി പുന:സ്ഥാപിച്ചു കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കസ്തൂരിരംഗന്‍ കമ്മിറ്റി റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ പദ്ധതിക്ക് അനുമതി ലഭിക്കാനിടയുണ്ടോ;

(സി) ഇക്കാര്യത്തില്‍ ആവശ്യമായ രേഖകള്‍ സമര്‍പ്പിക്കുന്നതിനും പദ്ധതിയുടെ ആവശ്യകത കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തെ ബോദ്ധ്യപ്പെടുത്തുന്നതിനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇക്കാര്യത്തില്‍ ഹൈക്കോടതിയില്‍ നിലനില്‍ക്കുന്ന ഹര്‍ജി തീര്‍പ്പാക്കികിട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

<u>തീവണ്ടികളിലെ കാലപ്പഴക്കം ചെന്ന കോച്ചുകൾ</u>

*47 ശ്രീ. എ. പ്രദീപ്കുമാർ
,, ഇ. പി. ജയരാജൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന കോച്ചുകൾ ഉപയോഗിച്ച് സംസ്ഥാനത്ത് തീവണ്ടികൾ സർവ്വീസ് നടത്തുന്നത് വൻ അപകട സാദ്ധ്യത ഉയർത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം കോച്ചുകളിൽ അറ്റകുറ്റപ്പണി നടത്താതെ സർവ്വീസ് നടത്തുന്നതു കാരണം യാത്രാസുരക്ഷിതത്വം ഇല്ലാതായത് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തുനിന്ന് അറ്റകുറ്റപ്പണിക്ക് കൊണ്ടുപോകുന്ന കോച്ചുകൾ തിരിച്ചു നൽകാതെ പകരം പഴയകോച്ചുകളാണ് നൽകുന്നതെന്ന ആക്ഷേപത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) നിരന്തരം പരാതികൾ ഉണ്ടായിട്ടും പഴകിയ കോച്ചുകൾ ഉപയോഗിച്ച് സുരക്ഷിതത്വമില്ലാതെ യാത്ര ചെയ്യേണ്ടി വരുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

**കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

*48 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ബി. സത്യൻ
,, ആർ. രാജേഷ്
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും തികഞ്ഞ അലംഭാവമാണ് കാണിച്ചതെന്നതിൽ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങളെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിരുന്നത്; അനുവദിക്കപ്പെട്ടത് എന്തൊക്കെയാണ്;

(സി) ഇതിന്റെ ഫലമായി സുഗമമമായി പ്രവർത്തിക്കാൻ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിൽനിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ധനകാര്യ മാനേജ്മെന്റ്</u>

*49 ശ്രീ. ജെയിംസ് മാത്യു
,, കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. എസ്. സലീഖ
,, പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ധനകാര്യ കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ 14-ാം ധനകാര്യ കമ്മീഷനിൽ നിന്നും സംസ്ഥാനത്തിനു പ്രത്യേക ഗ്രാന്റുകൾ ലഭിക്കുന്നതിനു സാദ്ധ്യതയില്ലെന്ന വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) അനുവദനീയമായതിലും കൂടുതൽ തുക ഇതിനകം വായ്പയെടുക്കേണ്ട സാഹചര്യം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ;

(സി) ധനകാര്യ മാനേജ്മെന്റിന്റെ പോരായ്മയാണ് ഈ സ്ഥിതിയിലേയ്ക്ക് എത്തിച്ചതെന്ന പരാതിയിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>യൂത്ത് റിസോഴ്സ് സെന്ററുകൾ</u>

*50 ശ്രീ. ഷാഫി പറമ്പിൽ
,, വി.റ്റി ബൽറാം
,, ഹൈബി ഈഡൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർ സംഘങ്ങളുടെ പ്രവർത്തനം</u>

*51 ശ്രീ. സി. കെ. സദാശിവൻ
,, കെ. ദാസൻ
,, ബാബു. എം. പാലിശ്ശേരി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ കൺസ്യൂമർ സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുമാർക്കറ്റിൽ ഇടപെട്ട് വില വർദ്ധന തടയുന്നതിന് സഹായകമാവേണ്ട ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് അതിന് സാധ്യമാകുന്നുണ്ടോ;

(സി) നീതി, നന്മ തുടങ്ങി സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ വഴി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കമ്പോളത്തിലിടപെടുന്നതിന് ഈ പദ്ധതികൾ വഴി നൽകിവരുന്ന സബ്സിഡികളെത്രയാണ്; ഈ ഇനത്തിൽ സർക്കാർ നൽകാനുള്ള കുടിശ്ശികയെത്ര;

(ഡി) പൊതുമാർക്കറ്റിൽ വിലക്കയറ്റം തടയാൻ കഴിയുംവിധത്തിൽ ഇത്തരം സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക്</u>

*52 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ഡോ. ടി.എം. തോമസ് ഐസക്
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടുള്ള വളർച്ചാമുരടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ അപഗ്രഥിച്ച് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) വളർച്ചാ നിരക്ക് കൂട്ടുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) ഇതുമൂലം എന്തുമാത്രം വളർച്ചാനിരക്ക് വർദ്ധിപ്പിക്കാൻ സാധിച്ചു എന്ന് വിശദമാക്കുമോ ;

(ഇ) റവന്യൂ ചോർന്നു പോകുന്ന വഴികളും അത് തടയാനുള്ള നിർദ്ദേശങ്ങളും വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ ഡയാലിസിസ് സെന്റർ</u>

*53 ശ്രീ. ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിൽസാ ധനസഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വൃക്ക രോഗികൾക്ക് കൂടുതൽ ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഏതെല്ലാം തരം ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സ്റ്റാർട്ട് അപ് വില്ലേജ്</u>

*54 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സിയുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി കെ. എസ്. ഐ. ഡി. സി നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്?

## കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>പബ്ലിക് റിസ്ക് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍</u>

*55 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, സണ്ണി ജോസഫ്
,, അന്‍വര്‍ സാദത്ത്
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണമേഖലയില്‍ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്‍കിയിട്ടുള്ളത് ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണസംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത് ; വിശദാംശങ്ങള്‍ നല്‍കുമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

മ്യൂസിയങ്ങളുടെ നവീകരണം

*56 ശ്രീ. പി.എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മ്യൂസിയങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികൾ ആണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മ്യൂസിയങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

ആദിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാര നടപടി

*57 ശ്രീ. പി.റ്റി.എ. റഹീം
,, കെ.വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളും അവരുടെ ഊരുകളും നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ഏതൊക്കെയാണ് അട്ടപ്പാടിയിൽ ഇനിയും നടപ്പിലാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആദിവാസികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ഫാക്ടിന്റെ പ്രതിസന്ധി

*58 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ
,, ബി. ഡി. ദേവസ്സി
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഫാക്ട് ഇപ്പോൾ തുടർച്ചയായി നഷ്ടത്തിലാകാനുള്ള കാരണത്തെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ;

(ബി) എൽ.എൻ.ജി.യുടെ വിലവർദ്ധനയിൽ നിന്നും ഫാക്ടിനെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) ഫാക്ടിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്നും ഇത് ഫാക്ടിന്റെ പ്രതിസന്ധിയെ ഏത് തരത്തിൽ ബാധിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

സബ്സിഡി നിരക്കിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം

*59 ശ്രീ. കെ.എം. ഷാജി
,, എം. ഉമ്മർ
,, പി.ബി. അബ്ദുൾ റസാക്
,, അബ്ദു റഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളുടെ പരിസരത്ത് സബ്സിഡി നിരക്കിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടത്തിപ്പു ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും ആയതിന്റെ വിശദവിവരവും അറിയിക്കുമോ;

(സി) ഈ തരത്തിലുള്ള പദ്ധതി മുമ്പ് നടപ്പാക്കിയിട്ടുണ്ടോ എന്നും ഇപ്പോഴത്തെ പദ്ധതിക്ക് മൊത്തം എന്തു തുക ചെലവുവരുമെന്നും എത്ര വൈദ്യുതിയാണ് ഈ പദ്ധതിയിലൂടെ ലഭ്യമാവുകയെന്നുമുള്ള വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

ആദിവാസി ക്ഷേമത്തിനുള്ള ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം

*60 ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായുള്ള ഫണ്ടുകൾ ആദിവാസി മേഖലയിൽ തന്നെ വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും വകയിരുത്തപ്പെട്ട ഫണ്ട് വിനിയോഗിക്കാൻ കഴിയാതിരുന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ അനുവദിക്കപ്പെട്ട ഫണ്ടുകൾ യഥാവിധി ഉപയോഗിച്ചിരുന്നുവെങ്കിൽ ആദിവാസികളുടെ ജീവിത സാഹചര്യം ഇന്നത്തെ സ്ഥിതിയിൽ നിന്നും എത്രത്തോളം മെച്ചപ്പെട്ടതാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ആദിവാസികൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ പ്രസ്തുത മേഖലയിൽ തന്നെ പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തന്നാണ്ടിലെ പദ്ധതികൾ ഓരോന്നും ഇതിനകം എത്രത്തോളം നേട്ടം കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 1.

| |
|---|
| പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)] |